**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1351** **19-09-2025 - ൽ മറുപടിയ്ക്ക്**

**കൊങ്ങാഴി-കുത്താമ്പുള്ളി പാലം നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. യു. ആർ. പ്രദീപ് | | ശ്രീ. പി.എ.മുഹമ്മദ് റിയാസ് (പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | കേരള ഇൻഫ്രാസ്ട്രക്ചർ ഇൻവെസ്റ്റ്മെന്റ് ഫണ്ട് ബോർഡിൽ (കിഫ്ബി) നിന്നും തുക അനുവദിച്ച് കേരള റോഡ് ഫണ്ട് ബോർഡിന് നിർമ്മാണച്ചുമതല നൽകിയ കൊങ്ങാഴി-കുത്താമ്പുള്ളി പാലം പണിക്ക് ഭരണാനുമതി ലഭിച്ചതെന്നാണെന്ന് വ്യക്തമാക്കാമോ; ഇനി എന്തൊക്കെ പണികളാണ് അവിടെ പൂർത്തിയാക്കാനുള്ളതെന്ന് വിശദമാക്കാമോ; | (എ) | കൊണ്ടാഴി കുത്താമ്പുള്ളി പാലം നിർമ്മാണത്തിന് 31.10.2016 തിയതിയിലെ സ.ഉ(സാധാ)നം.1496/ 2016/പൊ.മ.വ ഉത്തരവ് പ്രകാരം 15 കോടി രൂപയുടെ തത്വത്തിൽ ഭരണാനുമതി നൽകി 17.09.2017 തീയതിയിലെ ഉത്തരവ് പ്രകാരം 45 കോടി രൂപയ്ക്ക് സ്ഥലമേറ്റെടുക്കലിനായി കിഫ്ബിയുടെ സാമ്പത്തിക അനുമതി ലഭ്യമാക്കി തുടർന്ന് 27.03.2023 തീയതിയിലെ ഉത്തരവ് പ്രകാരം സ്ഥലമേറ്റെടുക്കുന്നതിനും പാലം നിർമ്മാണത്തിനുമായി 33.13 കോടി രൂപയ്ക്ക് പുതുക്കിയ സാമ്പത്തികാനുമതി ലഭ്യമാക്കുകയും ചെയ്തു. 04.05.2023 - തീയതിയിലെ ഉത്തരവ് പ്രകാരം 32.99 കോടി രൂപയുടെ സാങ്കേതികാനുമതി നൽകുകയും ടെൻഡർ നടപടികൾ പൂർത്തിയാക്കി 06.10.2023 തീയതിയിൽ 23.87 കോടി രൂപയ്ക്ക് കരാർ നൽകുകയും ചെയ്തിട്ടുണ്ട്. 24 മാസത്തെ കാലാവധിയുള്ള പ്രസ്തുത പ്രവൃത്തിയുടെ പൂർത്തീകരണ തീയതി 15.10.2025 ആണ്. പാലത്തിന്റെ പെയിന്റിങ്, അനുബന്ധ റോഡിന്റെ ബിറ്റുമിനസ് കോൺക്രീറ്റ്, സംരക്ഷണ ഭിത്തി നിർമ്മാണം എന്നിവ പൂർത്തിയാക്കുവാൻ ഉണ്ട്. ടി പ്രവൃത്തി സമയബന്ധിതമായി പൂർത്തിയാക്കു ന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |
| (ബി) | ശേഷിക്കുന്ന പ്രവൃത്തികൾ പൂർത്തിയാക്കി എപ്പോഴാണ് പാലം ജനങ്ങൾക്ക് തുറന്നു കൊടുക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നതെന്ന് വിശദമാക്കാമോ? | (ബി) | എ പിരിവിന്റെ അതേ മറുപടി. |

സെക്ഷൻ ഓഫീസർ